പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --7236 03.11.2011- ലെ മറുപടിക്ക്

കടൽക്കൊള്ളക്കാർ റാഞ്ചിയ ജീവനക്കാരന്റെ മോചനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സോമാലിയ തീരത്ത് കടൽക്കൊള്ളക്കാർ റാഞ്ചിയ കപ്പലിലെ ജീവനക്കാരൻ തൃശ്ശൂർ ജില്ലയിലെ തളിക്കുളത്തെ എരണേഴത്ത് രോഹിത്തിനെ മോചിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സോമാലിയ തീരത്ത് കടൽക്കൊള്ളക്കാർ റാഞ്ചിയ കപ്പലിലെ ജീവനക്കാരൻ തൃശ്ശൂർ ജില്ലയിലെ തളിക്കുളത്തെ എരണേഴത്ത് രോഹിത്തിനെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതികളോ നിർദ്ദേശങ്ങളോ സംസ്ഥാന നോർക്ക വകുപ്പിലോ തൃശ്ശൂർ ജില്ലാ പോലീസ് ചീഫ് ഓഫീസിലോ നോർക്ക – റൂട്ട്സിലോ ലഭിച്ചതായി കാണുന്നില്ല. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) ബാധകമല്ല. |
| (സി) മോചനത്തിന് തടസ്സമാകുന്ന ഘടകങ്ങൾ എന്തെല്ലാമാണ്; | (സി) ബാധകമല്ല. |

(ഡി) മോചനത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

(ഡി) അവശ്യ വിവരങ്ങൾ സഹിതം സർക്കാരിൽ നിവേദനം ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ട കേന്ദ്ര വകുപ്പുകളുമായും വിദേശത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയവുമായും കൂടാതെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗുമായും ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**